സർക്കാർ പ്രസ്സുകളുടെ പ്രവർത്തനം

* 259 [398] ശ്രീ. സി. പി. മുസ്തഫാൻകുട്ടി:
,, വി. എസ്. ചന്ദ്രശേഖരൻ പിള്ള:
,, ഒ. രാജഗോപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ പ്രസ്സുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നറിയുന്നത് ശരിയാണോ;

(ബി) കാര്യക്ഷമമായി പ്രവർത്തിക്കാത്തതുമൂലം സർക്കാരിനാവശ്യമായി വരുന്ന അച്ചടിജോലികളിൽ ഒരു വലിയ പങ്ക് സംസ്ഥാനത്തിനു പുറത്തുള്ള സ്വകാര്യ പ്രസ്സുകൾക്ക് നൽകിവരുന്നതായി അറിയുന്നത് ശരിയാണോ;

(സി) ഇതുമൂലം സർക്കാരിന് ഭീമമായ നഷ്ടം ഉണ്ടാകുന്നുണ്ടോ;

(ഡി) 1984–85, 1985–86 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിനു വെളിയിൽ പ്രിന്റിംഗ് നടത്തിയതിന് സർക്കാരിന് ചെലവായ സംഖ്യ എത്രവീതമാണ്; ഏതെല്ലാം പ്രസ്സുകൾക്ക് എത്ര സംഖ്യ വീതം നൽകി?

സഹകരണ വകുപ്പു മന്ത്രി (ശ്രീമതി. എം. കമലം):

(എ) ശരിയല്ല.

(ബി) ഗവൺമെന്റു പ്രസ്സുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കാത്തതുകൊണ്ടല്ല, ചില വകുപ്പുകളിലെ അച്ചടി ജോലി സ്വകാര്യ പ്രസ്സുകൾക്ക് നൽകുന്നത്. കൃത്യസമയത്തു തന്നെ സർക്കാരിന്റെ എല്ലാ വകുപ്പുകൾക്കും ആവശ്യമായി വരുന്ന എല്ലാ ജോലികളും ചെയ്തു തീർക്കുന്നതിനു സർക്കാർ പ്രസ്സുകളിൽ ഇന്നുള്ള സംവിധാനം അപര്യാപ്തമായതിനാലാണ് പ്രത്യേക നിബന്ധനകൾക്ക് വിധേയമായി പ്രൈവറ്റ് പ്രസ്സുകൾക്ക് നൽകുന്നത്.

(സി) നഷ്ടം ഉണ്ടാകുന്നുണ്ടെന്നു കരുതുന്നില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

നൂറിൽ താഴെ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾ

* 260 [399] ശ്രീ. ബെന്നി ബഹനാൻ:
,, കെ. സി. ജോസഫ്:
,, ടി. എച്ച്. മുസ്തഫ:
,, ജോസ് കുറിയാനി:
,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി ദയവായി മറുപടി നൽകുമോ:

(എ) നൂറിൽ താഴെ മാത്രം വിദ്യാർത്ഥികൾ പഠിക്കുന്ന എത്ര എൽ. പി. സ്കൂളുകളും, യു. പി. സ്കൂളുകളും ഹൈസ്കൂളുകളും സംസ്ഥാനത്തുണ്ടെന്നു വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) നൂറിൽ താഴെ മാത്രം വിദ്യാർത്ഥികൾ പഠിക്കുന്ന 494 എൽ. പി. സ്കൂളുകളും 18 യു. പി. സ്കൂളുകളും, 5 ഹൈസ്കൂളുകളും സംസ്ഥാനത്തുണ്ട്.

(ബി) ഇവയുടെ പ്രവർത്തനത്തെപ്പറ്റി പരാതികളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

പ്രീഡിഗ്രി ബോർഡിനെതിരായി നടന്ന സമരം പിൻവലിക്കുന്നതിനാധാരമായ ഉറപ്പുകൾ

* 261 [400] ശ്രീ. കെ. പുരുഷോത്തമൻ:
,, വർക്കല രാധാകൃഷ്ണൻ:
,, കെ. പി. അരവിന്ദാക്ഷൻ:
,, പി. ഐ. കുഞ്ഞിക്കണ്ണൻ:
,, സി. ടി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീഡിഗ്രി ബോർഡ് രൂപീകരണത്തിനെതിരായി യൂണിവേഴ്സിറ്റി ജീവനക്കാർ നടത്തിയിരുന്ന സമരം പിൻവലിക്കുന്നതിനാധാരമായി സർക്കാർ നൽകിയിട്ടുള്ള ഉറപ്പുകൾ എന്തൊക്കെയാണ്;

(ബി) ഈ വ്യവസ്ഥകൾ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) യൂണിവേഴ്സിറ്റികളിൽ നടത്തിവരുന്ന പ്രീഡിഗ്രി കോഴ്സ് ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി യൂണിവേഴ്സിറ്റികളിൽ നിന്നും വേർപ്പെടുത്തി ഒരു പ്രത്യേക സംവിധാനത്തിൻകീഴിൽ കൊണ്ടുവരുന്നതിന് ഗവൺമെന്റ് കൈക്കൊണ്ട നയപരമായ തീരുമാനത്തിൽ പ്രതിഷേധിച്ചുകൊണ്ടും നയപരമായ തീരുമാനം പിൻവലിക്കുന്നതുവരെ സമരം നടത്തുമെന്നു പ്രഖ്യാപിച്ചുകൊണ്ടും 16–5–1986 മുതൽ യൂണിവേഴ്സിറ്റികളിലെ ഒരു വിഭാഗം ജീവനക്കാർ സ്റ്റേറ്റ് ഇൻ സ്റ്റൈക്ക് ആരംഭിക്കുകയും ഏതാനും ദിവസങ്ങൾക്കകം അവരോടൊന്നിച്ച് ഒരു വിഭാഗം അദ്ധ്യാപകരും അദ്ധ്യാപകേതര ജീവനക്കാരും പണിമുടക്കാരംഭിക്കുകയും ചെയ്തപ്പോൾ ജീവനക്കാരുടെ പ്രതിനിധികളുമായി മുഖ്യമന്ത്രിയുടെ ചേമ്പറിൽ ജൂൺ 6–ാം തീയതി ചർച്ച നടത്തുകയും ഗവൺമെന്റ് നിലപാട് താഴെ പറയും പ്രകാരം വ്യക്തമാക്കുകയും ചെയ്തു.

(1) പ്രീഡിഗ്രി ബോർഡ് രൂപീകരണം മൂലം ഉണ്ടാകുന്ന എല്ലാ പ്രശ്നങ്ങളും അതിന്റെ വിവിധ വശങ്ങളും മൂന്നു വൈസ് ചാൻസലർമാരും ഉൾപ്പെട്ട കമ്മിറ്റി വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly